ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെള്ളാനിക്കര പ്രൈമറി ഹെൽത്ത്, സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു.

മലപ്പുറം മണ്ഡലത്തിലെ ഊരകം പി.എച്ച്.സി. കെട്ടിട നിർമ്മാണം

37 (485) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ ഊരകം പി.എച്ച്.സി. കെട്ടിടനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ ചെലവിലാണ് നിർമ്മാണം നടത്തുന്നത് ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) നബാർഡിന്റെ ധനസഹായത്തോടെ ഊരകം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 50.5 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് "HLL Lifecare Ltd" തയ്യാറാക്കിയ വിശദമായ പ്ലാനും എസ്റ്റിമേറ്റും നബാർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം നബാർഡ് അംഗീകരിച്ച് ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

മണലൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ അനുവദിച്ച തസ്തികകൾ

38 (486) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ മണലൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെയും മറ്റ് അനുബന്ധജീവനക്കാരുടെയും എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഇവിടെ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമാണോ ;

(സി) മണലൂർ പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സംവിധാനമുണ്ടോ എന്നറിയിക്കുമോ ;

(ഡി) ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പി.എച്ച്.സി.യുടെ പദവി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മണലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ ചേർക്കുന്നു :

ക്രമ നമ്പർ	തസ്തികയുടെ പേര്	അനുവദിച്ച എണ്ണം
1.	അസിസ്റ്റന്റ് സർജൻ	2
2.	സ്റ്റാഫ് നേഴ്സ്	3
3.	ക്ലാർക്ക്	1
4.	ഹെൽത്ത് ഇൻസ്പെക്ടർ	1
5.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	1
6.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	3
7.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	2
8.	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	6
9.	നേഴ്സിംഗ് അസിസ്റ്റന്റ്	2
10.	ഹോസ്പിറ്റൽ അറ്റന്റൻറ് ഗ്രേഡ് - 2	2
11.	ഒഫ്താൽമിക് അസിസ്റ്റന്റ്	1
12.	പ്യൂൺ	1
13.	പാർട്ട്ടൈം ക്ലീനർ	1

(ബി) ലഭ്യമാണ്.

(സി) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ മണലൂർ പി.എച്ച്.സി.-യിൽ ഉണ്ട്.

(ഡി&ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിപുലമായ കിടത്തി ചികിത്സ ഉദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും ഈ ആവശ്യം വിശദമായ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

നെടുവ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

39 (487) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നെടുവ സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റ് ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly